93 (385) കൃഷി നശിച്ചവർക്ക് നഷ്ടപരിഹാരം

ശ്രീ. എം.പി. വർഗ്ഗീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം മേയ്-ജൂൺ മാസങ്ങളിലെ പേമാരിയിൽ നെൽക്കൃഷി നശിച്ച കർഷകർക്ക് നഷ്ടപരിഹാരം കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ബി) കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ തിരുവാണിയൂർ, പൂതൃക്ക, വാഴക്കുളം, മഴുവന്നൂർ, കിഴക്കമ്പലം,കുന്നത്തുനാട്, വടവുകോട്-പുത്തൻ കുരിശ് പഞ്ചായത്തുകളിൽ കൃഷിനാശം സംഭവിച്ച കൃഷിക്കാരുടെ അപേക്ഷകൾ സ്വീകരിച്ച് വേണ്ട സഹായം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഈ വർഷം മേയ്-ജൂൺ മാസങ്ങളിലുണ്ടായ പേമാരിയിൽ നെൽക്കൃഷി നശിച്ച കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) എറണാകുളം ജില്ലയിലെ കുന്നത്തുനാട് നിയോജകമണ്ഡലം ഉൾപ്പെടെ എല്ലാ കൃഷിഭവനുകളിലും കൃഷിനാശം സംഭവിച്ച കർഷകരുടെ അപേക്ഷകൾ സ്വീകരിച്ച്, യഥാവിധി പരിശോധിച്ച് നാശനഷ്ടം തിട്ടപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. പ്രകൃതിക്ഷോഭ ദുരിതാശ്വാസത്തിനുള്ള തുക ലഭിക്കുന്ന മുറയ്ക്ക് ആയത് വിതരണം ചെയ്യുന്നതാണ്.

94 (386) ചെറുകിട കർഷകർക്ക് ഇൻഷ്വറൻസ് പദ്ധതി

ശ്രീ. ആന്റണി രാജു :
ഡോ. കെ. സി. ജോസഫ് :
ശ്രീ. പി. സി. ജോർജ് :
ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെറുകിട കർഷകർക്കുവേണ്ടി പുതിയ ഇൻഷ്വറൻസ് പദ്ധതി ആവിഷ്കരിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ പദ്ധതിയുടെ വിശദവിവരം നൽകുമോ;

(സി) എത്ര കർഷകർക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കും;

(ഡി) ഈ പദ്ധതി മുഖേന കർഷകർക്ക് ഉണ്ടാകുന്ന പ്രയോജനം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 18 നും 70 നും മദ്ധ്യേ പ്രായമുള്ളവരും കൃഷി ഉപജീവനമാർഗ്ഗമായി സ്വീകരിച്ചിട്ടുള്ളവരുമായ ചെറുകിട നാമമാത്ര കർഷകരെയാണ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നത്.

(സി) 10 ലക്ഷം കർഷകരെയാണ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നത്.

LIBRARY ARCHIVES Kerala Legislative Assembly